പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 114

# 2012-ലെ കേരള അമിതപലിശ ഈടാക്കൽ നിരോധന ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2012

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 114

# 2012-ലെ കേരള അമിതപലിശ ഈടാക്കൽ നിരോധന ബിൽ

# 2012-ലെ കേരള അമിതപലിശ ഈടാക്കൽ നിരോധന ബിൽ

കേരള സംസ്ഥാനത്ത് അമിതപലിശയ്ക്ക് പണം കടംകൊടുക്കുന്നത് നിരോധിക്കുന്നതിനും പണം കടംകൊടുക്കൽ ബിസിനസ്സിൽ അമിതപലിശ ഈടാക്കുന്നതിന് കടുത്തശിക്ഷ വ്യവസ്ഥ ചെയ്യുന്നതിനും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്ത് അമിതപലിശയ്ക്ക് പണം കടംകൊടുക്കുന്നത് നിരോധിക്കുന്നതിനും പണം കടംകൊടുക്കൽ ബിസിനസ്സിൽ അമിതപലിശ ഈടാക്കുന്നതിന് കടുത്തശിക്ഷ വ്യവസ്ഥ ചെയ്യുന്നതിനും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അറുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2012-ലെ കേരള അമിതപലിശ ഈടാക്കൽ നിരോധന ആക്റ്റ് എന്നു പേരുപറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—(1) ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "ദിവസവട്ടി" എന്നാൽ, 1958-ലെ കേരള പണം കടംകൊടുപ്പുകാർ ആക്റ്റിലെ (1958-ലെ 35) 7-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള പലിശ നിരക്കിനേക്കാൾ കൂടിയ, ദിവസാടിസ്ഥാനത്തിൽ കണക്കാക്കുന്ന, പലിശ എന്നർത്ഥമാകുന്നു ;

(ബി) "അധമർണ്ണൻ" എന്നാൽ, അമിതപലിശയ്ക്ക് വായ്പ സ്വീകരിക്കുന്ന ഒരാൾ എന്നർത്ഥമാകുന്നു ;

(സി) "അമിതപലിശ" എന്നതിൽ ദിവസവട്ടിയും മണിക്കൂർവട്ടിയും കണ്ടുവട്ടിയും മീറ്റർവട്ടിയും തണ്ടലും ഉൾപ്പെടുന്നതാകുന്നു ;

(ഡി) "മണിക്കൂർവട്ടി" എന്നാൽ, 1958-ലെ കേരള പണം കടംകൊടുപ്പുകാർ ആക്റ്റിലെ (1958-ലെ 35) 7-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള

പലിശനിരക്കിനേക്കാൾ കൂടിയ, മണിക്കൂർ അടിസ്ഥാനത്തിൽ കണക്കാക്കുന്ന, പലിശ എന്നർത്ഥമാകുന്നു ;

(ഇ) "കണ്ടുവട്ടി" എന്നാൽ, 1958-ലെ കേരള പണം കടംകൊടുപ്പുകാർ ആക്റ്റിലെ (1958-ലെ 35) 7-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള പലിശ നിരക്കിനേക്കാൾ കൂടിയ നിരക്കിൽ കണക്കാക്കുന്ന പലിശ എന്നർത്ഥമാകുന്നു ;

(എഫ്) "വായ്പ" എന്നാൽ, ദിവസവട്ടിക്കോ മണിക്കൂർവട്ടിക്കോ കണ്ടുവട്ടിക്കോ മീറ്റർവട്ടിക്കോ തണ്ടലിനോ വേണ്ടി മുൻകൂറായി പണം നൽകൽ എന്നർത്ഥമാകുന്നു ;

(ജി) "മീറ്റർവട്ടി" എന്നാൽ, നിശ്ചിത സമയത്തിനകം തിരിച്ചടയ്ക്കാത്ത വായ്പാതുകയ്ക്ക്, ഓരോ ദിവസത്തിനും 1958-ലെ കേരള പണം കടംകൊടുപ്പുകാർ ആക്റ്റിലെ (1958-ലെ 35) 7-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള പലിശ നിരക്കിനേക്കാൾ കൂടിയനിരക്കിൽ കണക്കാക്കുന്ന പലിശ എന്നർത്ഥമാകുന്നു ;

(എച്ച്) "തണ്ടൽ" എന്നാൽ, 1958-ലെ കേരള പണം കടംകൊടുപ്പുകാർ ആക്റ്റിലെ (1958-ലെ 35) 7-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള പലിശ നിരക്കിനേക്കാൾ കൂടിയനിരക്കിൽ കണക്കാക്കുന്നതും വായ്പത്തുകയുടെ ഭാഗത്തോടൊപ്പം ദിവസേന ഈടാക്കേണ്ടതുമായ പലിശ എന്നർത്ഥമാകുന്നു ;

(2) ഈ ആക്റ്റിൽ ഉപയോഗിച്ചിട്ടുള്ളതും പക്ഷേ നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ, 1958-ലെ കേരള പണം കടംകൊടുപ്പുകാർ ആക്റ്റിൽ (1958-ലെ 35) നിർവചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും അവയ്ക്ക് യഥാക്രമം ആ ആക്റ്റിൽ നൽകിയിരിക്കുന്ന അതേ അർത്ഥംതന്നെ ഉണ്ടായിരിക്കുന്നതാണ്.

3. അമിതപലിശ ഈടാക്കുന്നതിനുള്ള നിരോധനം.—യാതൊരാളും അയാൾ നൽകുന്ന ഏതെങ്കിലും വായ്പയിന്മേൽ അമിതപലിശ ഈടാക്കാൻ പാടില്ലാത്തതാകുന്നു.

4. ശിക്ഷ.—1958-ലെ കേരള പണം കടംകൊടുപ്പുകാർ ആക്റ്റിൽ (1958-ലെ 35) എന്തുതന്നെ അടങ്ങിയിരുന്നാലും, 3-ാം വകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുകയോ ഏതെങ്കിലും വായ്പ തിരിച്ചുപിടിക്കുന്നതിനുവേണ്ടി ഏതെങ്കിലും അധമർണ്ണനെ അസഹ്യപ്പെടുത്തുകയോ അസഹ്യപ്പെടുത്തുന്നതിന് പ്രേരിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും, കുറ്റസ്ഥാപനത്തിന്മേൽ, മൂന്നുവർഷംവരെയാകാവുന്ന കാലയളവിലേയ്ക്കുള്ള തടവും അൻപതിനായിരം രൂപവരെയാകാവുന്ന പിഴയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

5. കോടതി മുമ്പാകെ പണം കെട്ടിവയ്ക്കലും ഹർജി സമർപ്പിക്കലും അതുമായി ബന്ധപ്പെട്ട നടപടിക്രമവും.—(1) ഒരു അധമർണ്ണന്, അയാൾ ഏതെങ്കിലും ആളിൽനിന്ന് വായ്പയായി സ്വീകരിച്ച പണവുമായി ബന്ധപ്പെട്ട് കൊടുക്കേണ്ടതായ പണം, 1958-ലെ കേരള പണം കടം കൊടുപ്പുകാർ ആക്റ്റിന്റെ (1958-ലെ 35) 7-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള നിരക്കിലുള്ള പലിശസഹിതം കെട്ടി

വച്ച തുക, വായ്പയും അതിന്റെ പലിശയും ഉൾപ്പെടെ, പൂർണ്ണമായോ ഭാഗികമായോ, അതതു സംഗതിപോലെ, അടച്ചുതീർക്കുന്നതിലേയ്ക്കാണെന്ന് രേഖപ്പെടുത്തുന്നതിനുള്ള ഒരു ഹർജിയോടൊപ്പം അധികാരിതയുള്ള കോടതിയിൽ കെട്ടിവയ്ക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു ഹർജി ലഭിച്ചാൽ, കോടതി, കേസിനെ സംബന്ധിച്ച് ഹർജിയിൽ സൂചിപ്പിച്ചിട്ടുള്ള ആളുടെ ഭാഷ്യം പതിനഞ്ച് ദിവസ കാലയളവിനകമോ കോടതി അനുവദിച്ചേയ്ക്കാവുന്ന അങ്ങനെയുള്ള മറ്റു സമയത്തിനകമോ നൽകുവാൻ നിർദ്ദേശം നൽകിക്കൊണ്ട് അയാൾക്ക് ഹർജിയുടെ ഒരു പകർപ്പ് നൽകേണ്ടതാണ്. കോടതിക്ക്, ആവശ്യമായ അന്വേഷണത്തിനും കക്ഷികളുടെ ഭാഷ്യം പരിഗണിച്ചതിനുംശേഷം വായ്പയും അതിന്റെ പലിശയും, അതതു സംഗതി പോലെ, പൂർണ്ണമായോ ഭാഗികമായോ, കൊടുത്തുതീർത്തതായി രേഖപ്പെടുത്തിക്കൊണ്ട് ഉത്തരവ് പാസ്സാക്കാവുന്നതാണ്.

6. വസ്തുവിന്റെ കൈവശം പുനഃസ്ഥാപിക്കൽ.—അധമർണ്ണൻ ഒരു ഹർജി ഫയൽ ചെയ്താൽ, അയാൾക്ക് നൽകിയ വായ്പയുടെയോ അതിന്മേലുള്ള പലിശയുടെയോ തിരിച്ചടവിലേക്കായി ഏതെങ്കിലും ആൾ കൈവശപ്പെടുത്തിയ സ്ഥാവരമോ ജംഗമമോ ആയ വസ്തു എന്തെങ്കിലും ഉണ്ടെങ്കിൽ അതിന്റെ കൈവശം പുനഃസ്ഥാപിച്ച് നൽകുവാൻ കോടതിക്ക് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

7. സ്വേച്ഛയാ വെളിപ്പെടുത്തൽ.—അമിതപലിശ ഈടാക്കുന്ന ഏതൊരാൾക്കും, ഈ ആക്റ്റ് നിലവിൽവരുന്ന തീയതിമുതൽ ഒരു മാസത്തിനകം, അയാൾ നൽകുന്ന വായ്പകളിന്മേൽ, 1958-ലെ കേരള പണം കടംകൊടുപ്പുകാർ ആക്റ്റിന്റെ (1958-ലെ 35) 7-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള നിരക്കിൽ മാത്രം പലിശ ഈടാക്കാനുള്ള അയാളുടെ ഉദ്ദേശ്യം വെളിപ്പെടുത്തിക്കൊണ്ടുള്ള ഒരു ഹർജി കോടതി മുൻപാകെ ഫയൽ ചെയ്യാവുന്നതും അങ്ങനെ വെളിപ്പെടുത്തിയാൽ, അങ്ങനെയുള്ള വായ്പയെ സംബന്ധിച്ചിടത്തോളമുള്ള പലിശ പ്രസ്തുത ആക്റ്റിലെ 7-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള നിരക്കിൽ ആയിരിക്കേണ്ടതും, അങ്ങനെയുള്ള വായ്പയുമായി ബന്ധപ്പെട്ട്, ഈ ആക്റ്റിൻകീഴിലുള്ള കുറ്റങ്ങൾക്ക് യാതൊരു പ്രോസിക്യൂഷൻ നടപടിയും സ്വീകരിക്കാൻ പാടില്ലാത്തതുമാകുന്നു.

8. പലിശ വകവയ്ക്കൽ.—വായ്പ, അതിന്മേലുള്ള പലിശയുൾപ്പെടെ, തീർക്കുന്നതിനുവേണ്ടി അധമർണ്ണൻ ഫയൽ ചെയ്യുന്ന ഹർജിയിന്മേൽ, 1958-ലെ കേരള പണം കടംകൊടുപ്പുകാർ ആക്റ്റിന്റെ (1958-ലെ 35) 7-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ വിനിർദ്ദേശിച്ചിട്ടുള്ള നിരക്കിനുപുറമേ കൂടിയ നിരക്കിൽ എന്തെങ്കിലും പലിശ, അധമർണ്ണൻ നൽകിയിട്ടുണ്ടെങ്കിൽ ആയത് വായ്പയിലേയ്ക്ക് വകവയ്ക്കുന്നതിന് കോടതിക്ക് ഒരു ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

9. ആത്മഹത്യയ്ക്കുള്ള പ്രേരണ.—ഒരു അധമർണ്ണൻ അല്ലെങ്കിൽ അയാളുടെ കുടുംബത്തിലെ ഏതെങ്കിലും അംഗം ആത്മഹത്യ ചെയ്യുകയും അത്തരം ആത്മഹത്യയ്ക്ക് തൊട്ടുമുൻപായി അധമർണ്ണൻ അല്ലെങ്കിൽ അയാളുടെ കുടുംബത്തിലെ ഏതെങ്കിലും അംഗം ഏതെങ്കിലും ആളുടെ അസഹ്യപ്പെടുത്തലിന് വിധേയമായതായി തെളിയിക്കപ്പെടുകയും ചെയ്യുന്ന സംഗതിയിൽ, മറിച്ച് തെളിയിക്കപ്പെടാത്തപക്ഷം, അത്തരം ആത്മഹത്യ ചെയ്യുന്നതിന് പ്രേരിപ്പിച്ചത് വായ്പ നൽകിയ ആൾ ആണെന്ന് കരുതപ്പെടേണ്ടതാണ്.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി "കുടുംബത്തിലെ അംഗം" എന്നാൽ, ഭാര്യ അല്ലെങ്കിൽ ഭർത്താവ്, അവിവാഹിതയായ മകൾ അല്ലെങ്കിൽ അവിവാഹിതനായ മകൻ എന്നർത്ഥമാകുന്നു.

10. കോടതി ഫീസ്.—തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ ആക്റ്റിൻകീഴിലുള്ള ഒരു ഹർജി സംബന്ധിച്ച് നൽകേണ്ടുന്ന കോടതി ഫീസ് നൂറ് രൂപ ആയിരിക്കുന്നതാണ്.

11. ആക്റ്റ് മറ്റേതെങ്കിലും നിയമങ്ങൾക്ക് ഭംഗംവരുത്തുന്നതല്ലെന്ന്.—ഈ ആക്റ്റിലെ വ്യവസ്ഥകൾ തൽസമയം പ്രാബല്യത്തിലിരിക്കുന്ന മറ്റേതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് പുറമെയും അവയ്ക്ക് ഭംഗംവരുത്താതെയും ആയിരിക്കുന്നതാണ്.

12. 1958-ലെ കേരള പണം കടംകൊടുപ്പുകാർ ആക്റ്റിന്റെ (1958-ലെ 35) വ്യവസ്ഥകൾ ബാധകമാകൽ.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്കുവിധേയമായി, 1958-ലെ കേരള പണം കടംകൊടുപ്പുകാർ ആക്റ്റിലെ (1958-ലെ 35) വ്യവസ്ഥകൾ പണം കടം കൊടുപ്പുകാർക്ക് ബാധകമായിട്ടുള്ളിടത്തോളം, ആവശ്യമായ മാറ്റങ്ങളോടെ, ഈ ആക്റ്റിലെ 3-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള ഒരാൾക്ക് ബാധകമായിരിക്കുന്നതാണ്.

വിശദീകരണം.—ഒരാളുടെ ഒരു പ്രവൃത്തി ഈ ആക്റ്റിൻകീഴിലും 1958-ലെ കേരള പണം കടംകൊടുപ്പുകാർ ആക്റ്റിൻ (1958-ലെ 35) കീഴിലും ഒരു കുറ്റമായിരിക്കുന്ന സംഗതിയിൽ ഈ ആക്റ്റിൻകീഴിൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്ത് പണം കടംകൊടുക്കൽ ബിസിനസ് ക്രമീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും വ്യവസ്ഥ ചെയ്തുകൊണ്ട് 1958-ലെ കേരള പണം കടംകൊടുപ്പുകാർ ആക്റ്റ് (1958-ലെ 35) പ്രാബല്യത്തിലുണ്ട്. പ്രസ്തുത ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം വായ്പകളിന്മേൽ വാണിജ്യബാങ്കുകൾ ഈടാക്കുന്ന പരമാവധി പലിശ നിരക്കിൽ രണ്ട് ശതമാനത്തിൽ അധികം പലിശ പണം കടംകൊടുപ്പുകാർ നൽകുന്ന വായ്പയ്ക്ക് ഈടാക്കാൻ പാടില്ലെന്നും ഡെപ്പോസിറ്റുകൾ സ്വീകരിക്കുന്നതിന് 1934-ലെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ആക്റ്റിലെ (1934-ലെ 2-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകൾ അനുസരിച്ച് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നിശ്ചയിക്കുന്ന അത്തരം നിരക്കിലുള്ള പലിശ മാത്രമേ നൽകാൻ പാടുള്ളൂ എന്ന വ്യവസ്ഥയിലുമാണ് പണം കടംകൊടുക്കൽ ലൈസൻസ് നൽകുന്നത്. 1956-ലെ കമ്പനീസ് ആക്റ്റിൻ കീഴിൽ (1956-ലെ 1-ാം കേന്ദ്ര ആക്റ്റ്) രൂപീകരിച്ച കമ്പനികൾ 1958-ലെ കേരള പണം കടംകൊടുപ്പുകാർ ആക്റ്റിൻ കീഴിൽ ലൈസൻസ് എടുക്കേണ്ടതില്ല.

2. ലൈസൻസില്ലാതെ പണം കടംകൊടുപ്പ് ബിസിനസ്സിൽ ഏർപ്പെടുന്നതും ലൈസൻസിലെ വ്യവസ്ഥകൾ ലംഘിക്കുന്നതും 1958-ലെ കേരള പണം കടംകൊടുപ്പുകാർ ആക്റ്റിൻ (1958-ലെ 35) കീഴിൽ ശിക്ഷാർഹമായ കുറ്റമാണ്. മാത്രമല്ല, കേരളത്തിലെ പണം കടംകൊടുപ്പുകാർ ബിസിനസ്സിൽ അമിതപലിശ ഈടാക്കുന്നത് നിയന്ത്രിക്കുന്നതിന് കാര്യക്ഷമമായ സംവിധാനം നിലവിലില്ല. ആയതിനാൽ, ദിവസവട്ടി, മണിക്കൂർവട്ടി, കണ്ടുവട്ടി, മീറ്റർവട്ടി, തണ്ടൽ എന്നിവപോലെയുള്ള പേരുകളിൽ അമിത പലിശ ഈടാക്കുന്ന ആളുകളുടെ ഇരകളാകുകയും അതുവഴി പൊതുജനങ്ങൾ

നേരിടുന്ന പ്രയാസങ്ങളിൽ നിന്ന് അവരെ മോചിപ്പിക്കുന്നതിന്, അത്തരം അമിത പലിശയ്ക്ക് പണം കടംകൊടുക്കുന്നത് നിരോധിക്കുന്നതിനും പണം കടംകൊടുക്കൽ ബിസിനസ്സിൽ അമിത പലിശ ഈടാക്കുന്നതിന് കടുത്ത ശിക്ഷ വ്യവസ്ഥ ചെയ്യുന്നതിനും വേണ്ടി പൊതുജനതാൽപ്പര്യാർത്ഥം ഒരു പുതിയ നിയമനിർമ്മാണം ആവശ്യമാണെന്ന് സർക്കാർ കരുതുന്നു.

3. പ്രസ്തുത ഉദ്ദേശ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

കെ. എം. മാണി.